LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ പുതിയ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതിന് പരിഹാരമാർഗ്ഗം ഉണ്ടായാൽ മാത്രമെ പമ്പ് സ്ഥാപിക്കുന്നത് പരിഗണിക്കാൻ കഴിയുകയുള്ളൂ.

(ബി) ഡീസൽ നിറയ്ക്കുന്നതിനായിമാത്രം ബസ്സുകൾ മറ്റൊരു സ്ഥലത്തേയ്ക്ക് ഓടുന്നത് വകുപ്പിന് നഷ്ടം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഓരോ ദിവസവും ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കിയതിനുശേഷം പ്രതിവാര, പ്രതിദിന മെയിന്റനൻസ് പരിശോധനയ്ക്കായി ഗ്യാരേജിൽ എത്തി ഡീസൽ നിറയ്ക്കുകയും അവിടെ പാർക്ക് ചെയ്യുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡീസൽ നിറയ്ക്കുന്നതിനുമാത്രമായി നഷ്ടം ഉണ്ടാകുന്നില്ല.

(സി) വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാനന്തവാടിയിലെ പഴയ കെ.എസ്.ആർ.ടി.സി. ഡിപ്പോയുണ്ടായിരുന്ന സ്ഥലത്ത് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

കൊച്ചി നഗരത്തിലേക്ക് ബസ്സുകൾ പ്രവേശിക്കുന്നതിലെ തടസ്സങ്ങൾ

249 (4637) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നും കൊച്ചി നഗരത്തിലേക്ക് ബസ്സുകൾ പ്രവേശിക്കുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവിധ കാലങ്ങളിൽ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള ഉത്തരവുകൾ അനുസരിച്ച് കൊച്ചി നഗര പ്രദേശത്തെ പ്രധാന റോഡുകളായ ഷൺമുഖം റോഡ്, ബാനർജി റോഡ്, എം.ജി. റോഡ്, സഹോദരൻ അയ്യപ്പൻ റോഡ് എന്നിവ ദേശസാൽക്കരണ റൂട്ടുകളിൽ ഉൾപ്പെടുകയും ഈ റോഡുകളിൽ സ്വകാര്യ ബസ്സുകളുടെ സർവ്വീസുകൾ നിബന്ധനകൾക്ക് വിധേയമായി നിയന്ത്രിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. 14-7-2009-ലെ 42/2009/Tran. നമ്പർ ദേശസാൽകൃത സ്കീം പ്രകാരം എറണാകുളം-കോട്ടയം, എറണാകുളം-തൃശ്ശൂർ, തിരുവനന്തപുരം-കണ്ണൂർ എന്നീ റൂട്ടുകളും 2017-ലെ എറണാകുളം-മൂവാറ്റുപുഴ ദേശസാൽകൃത സ്കീമും, 1965-ലെ എറണാകുളം-ചേർത്തല, എറണാകുളം-ആലപ്പുഴ തുടങ്ങിയ റൂട്ടുകൾ ഉൾക്കൊള്ളുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്കീമുകളും എറണാകുളം ടൗണിലൂടെ കടന്നുപോകുന്നുണ്ട്. ടി സ്കീമുകൾ പ്രകാരം സ്വകാര്യ ബസ്സുകൾക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാൽകൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ സ്വകാര്യ ബസ്സുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി കഴിയാത്തതാണ്. ഈ നിബന്ധനകൾ പ്രകാരം സിറ്റി സർവ്വീസ് ബസുകൾ മാത്രമാണ് ഈ നോട്ടിഫിക്കേഷനുകളിൽ ഒഴിവാക്കപ്പെട്ടിട്ടുള്ളത്. അതോടൊപ്പംതന്നെ നിലവിലുള്ള സിറ്റി സർവ്വീസുകളുൾപ്പെടെ പുതുതായി കൂട്ടിച്ചേർക്കലുകളോ മാറ്റം വരുത്തലുകളോ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വൈപ്പിൻ കരയിൽനിന്ന് വരുന്ന വാഹനങ്ങൾ സിറ്റി പെർമിറ്റിൽ ഇല്ലാത്ത മൊഫ്യൂസൽ വിഭാഗത്തിൽപ്പെടുന്നതുകൊണ്ടാണ് നഗര പ്രവേശം അസാദ്ധ്യമായിട്ടുവരുന്നത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൈപ്പിനിൽനിന്നും കൊച്ചി നഗരത്തിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്.

(ബി) ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തെ പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. ഈ പഠനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ വൈപ്പിൻ കരയിലൂടെ ഓടുന്ന ബസ്സുകളുടെയും യാത്രക്കാരുടെയും ഇടയിൽ വിവരശേഖരണം നടത്തിവരുന്നു.

(സി) പ്രസ്തുത സ്ഥാപനം ആയത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് സമർപ്പിക്കുവാൻ 4 മാസത്തെ സമയം NATPAC ആവശ്യപ്പെട്ടിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

250 (4638) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ യാത്രയ്ക്കായി ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് സ്വകാര്യ ബസ്സുകളെയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?